(ബി) ഡയറക്ടറുടെ ശിപാർശയില്ലാതെ മന്ത്രിസഭാ ഉപസമിതി എത്ര സ്കൂളുകളിൽ എത്ര ഹയർസെക്കന്ററി ബാച്ചുകളാണ് അനുവദിച്ചിരിക്കുന്നത് ; ഇവ റദ്ദാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ റദ്ദാക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 198 സ്കൂളുകളിൽ 219 ബാച്ചുകൾ. പ്രാദേശികമായ വിദ്യാഭ്യാസ ആവശ്യകത.

(ബി) 278 സ്കൂളുകളിൽ 283 ബാച്ചുകൾ. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരമാണ് ഇവ റദ്ദാക്കിയിട്ടുള്ളത്.

അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾ

15(2922) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തു ; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) മലപ്പുറം മണ്ഡലത്തിലെ പൂക്കൊളത്തൂർ ഗവൺമെൻറ് എൽ.പി. സ്കൂൾ, കുട്ടശ്ശേരിക്കുളമ്പ് ഗവൺമെന്റ് എൽ.പി. സ്കൂൾ, ആനക്കയം ഗവൺമെന്റ് യു.പി. സ്കൂൾ എന്നിവ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഹയർസെക്കന്ററി മേഖലയിലെ ബധിര-മൂക-അന്ധ വിദ്യാലയങ്ങൾ

16(2923) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി മേഖലയിൽ എത്ര ബധിര-മൂക-അന്ധ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വിദ്യാലയങ്ങളിലെ ഹയർസെക്കന്ററി അദ്ധ്യാപകർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly